TUESDAY 27.02.2024 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/02/2024

1. നവ കേരള സദസ്സിന്റെ തുടർച്ചയായി വ്യത്യസ്ത മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുമായി മുഖ്യമന്ത്രി നേരിട്ട് സംവദിക്കുന്നു. മുഖാമുഖം പരിപാടിയുടെ ഭാഗമായുള്ള കർഷക സംവാദം മാർച്ച് 2ന് ആലപ്പുഴ കാംലോട്ട് കൺവെൻഷൻ സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടക്കും. സംസ്ഥാനതലത്തിൽ വിവിധ മേഖലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക സംരംഭകർ, കാർഷിക മേഖലയിലെ അക്കാദമിക് സ്ഥാപനങ്ങൾ, കർഷക- കർഷക തൊഴിലാളി സംഘടന പ്രതിനിധികൾ തുടങ്ങിയവരുമായി മുഖ്യമന്ത്രി അന്നേദിവസം സംവദിക്കുന്നതാണ്. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ ചേരുന്ന പ്രസ്തുത പരിപാടിയിൽ മത്സ്യബന്ധന- സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി, രാഷ്ട്രീയ പ്രമുഖർ, കൃഷി-കൃഷി അനുബന്ധ മേഖലയിലെ ഉദ്യോഗസ്ഥർ, സാമൂഹിക പ്രവർത്തകർ എന്നിവർ സംബന്ധിക്കുന്നു.

2. കാർഷിക ഉൽപ്പന്നങ്ങളും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും, കർഷകരിൽ നിന്നും, നേരിട്ട് വാങ്ങുവാൻ താൽപ്പര്യമുള്ള സംരംഭകർക്കായി 2024 ഫെബ്രുവരി 27 രാവിലെ 10 മണിമുതൽ 3 മണിവരെ എറണാകുളം ജില്ലയിലെ ഗോകുലം പാർക്കിൽ വച്ച് ഒരു മേള സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ 9745108953 എന്ന നമ്പരിൽ രജിസ്റ്റർ ചെയ്യുക.

3. എം. എസ്. സ്വാമിനാഥൻ ഗവേഷണനിലയം 2024 മാർച്ച് 1, 2 തീയ്യതികളിൽ 'സുസ്ഥിര കൃഷിക്ക് ആരോഗ്യമുള്ള വിത്തുകൾ' എന്ന സന്ദേശവുമായി എട്ടാമത് വയനാട് വിത്തുത്സവത്തിന് വേദിയൊരുങ്ങുന്നു. വയനാട് ജില്ലാ ആദിവാസി വികസന പ്രവർത്തക സമിതിയും, പരമ്പരാഗത വിത്ത് സംരക്ഷകരുടെ സംഘടനയായ സീഡ് കെയറും, കേരള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംസ്ഥാന ജൈവവൈവിധ്യ ബോർഡും, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലും, ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രവും, കേരള കുടുംബശ്രീ മിഷനും ചേർന്ന് സംഘടിപ്പിക്കുന്ന വിത്തുത്സവത്തിൽ വയനാടിന്റെ തനതു വിത്തു വൈവിധ്യം പ്രദർശിപ്പിക്കുകയും കർഷകർ തങ്ങൾ സംരക്ഷിച്ചുവരുന്ന വിത്തുകൾ പരസ്പരം കൈമാറികൊണ്ട് വിത്ത് സംരക്ഷണത്തിന്റെ തുടർച്ച ഉറപ്പാക്കുകയും ചെയ്യും. കാർഷിക സെമിനാറുകൾ, വിത്ത് കൈമാറ്റം, കാർഷിക ജൈവൈവിധ്യ അവാർഡ് വിതരണം, ഗവേഷകർക്കുള്ള പോസ്റ്റർ സെഷനുകൾ, സീഡ് തിയേറ്റർ, ഭക്ഷ്യവിളകൾക്ക് വിപണനസാദ്ധ്യത ആരായുന്നതിനായുള്ള കർഷക- വ്യാപാരി സംഗമം, തുടങ്ങി വിവിധ പരിപാടികൾ ആണ് വിത്തുത്സവത്തോടനുബന്ധിച്ച് ഒരുക്കുന്നത്.

4. തിരുവനന്തപുരം കുടപ്പനക്കുന്ന് കൃഷിഭവൻ പരിധിയിലെ കാർഷിക കർമസേനയിലേക്ക് തെങ്ങുകയറ്റം ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് ടെക്നീഷ്യൻമാരെ തിരഞ്ഞെടുക്കുന്നു. 18-നും 40-നും മധ്യേ പ്രായമുള്ളവർക്കാണ് നിശ്ചിത വേതനത്തോടെ അവസരം. താത്പര്യമുള്ളവർക്ക് ഈ മാസം 27-ന് രാവിലെ 11 മണിക്ക് കുടപ്പനക്കുന്ന് കാർഷിക കർമസേന ഓഫിസിൽ എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക് 9495 825889 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങളെ എട്ട് രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭിക്കും. താത്പര്യമുള്ള കർഷകർക്ക് 04792452277, 9544239461 മുൻകൂട്ടി രജിസ്റ്റർ ചെയ്ത് വാങ്ങാവുന്നതാണ്.

6. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ പശുക്കൾക്ക് തീറ്റയായി നൽകുന്നതിന് ഉദ്ദേശം 50

ടൺ ഉണക്ക വൈക്കോൽ വിതരണം ചെയ്യുന്നതിന് താല്പര്യമുള്ളവരിൽനിന്ന് മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 28പകൽ 11 മണിവരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 –2732962 എന്ന ഫോൺ നമ്പറിൽ ഓഫീസുമായി ബന്ധപ്പെടുക.

7. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

8. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചറൽ റിസർച്ച് ബാംഗ്ളൂരുവും സംയുക്തമായി മാർച്ച് 5 മുതൽ 7 വരെ നാഷണൽ ഹോർട്ടികൾച്ചറൽ ഫെയർ 2024 സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9403891704 എന്ന ഫോൺ നമ്പരിലോ nhf2024.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

**പരിശീലന പരിപാടി**

9. കാർഷിക സർവകലാശാല ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കരയിൽ 'പച്ചക്കറി വിളകളിലെ കൃത്യത കൃഷി' എന്ന വിഷയത്തെ ആസ്പദമാക്കി മാർച്ച് 5,6 തീയതികളിൽ രണ്ട് ദിവസത്തെ പ്രവർത്തിപരിചയ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ഫീസ് 1500/- രൂപയാണ് പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കാർഷിക സർവകലാശാല സർട്ടിഫിക്കറ്റ് നൽകുന്നതാണ് കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ: 0487 2961457.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

10. മില്ലെറ്റ് അഥവാ ചെറുമണി ധാന്യങ്ങളുടെ വിവിധ ഇനങ്ങളെക്കുറിച്ചും, അവയുടെ കൃഷി രീതികളെക്കുറിച്ചും, അവയിൽ നിന്നുണ്ടാക്കാവുന്ന നൂതന ഉത്പന്നങ്ങളെ കുറിച്ചുമുള്ള ഏകദിന പരിശീലന പരിപാടി മാർച്ച് 1 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ വെള്ളായണി കാർഷിക കോളേജിൽ വച്ച് നടക്കുന്നു. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നവർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ മുൻഗണന ലഭിക്കുന്നത്. പരിശീലന ഫീസ് 500 രൂപ. കൂടുതൽ വിവരങ്ങൾക്കും, പേര് രജിസ്റ്റർ ചെയ്യാനുമായി 8891540778, 8075296383 എന്നീ നമ്പറുകളിൽ വിളിക്കുകയോ, വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

11. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ചും, കേന്ദ്ര കിഴങ്ങ് വിള ഗവേഷണ കേന്ദ്രം ശ്രീകാര്യവും സംയുക്തമായി **Identification of Tuber crops and their innovative management strategies** എന്ന വിഷയത്തിൽ 2024 മാർച്ച് 11 മുതൽ 15 വരെ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 5900 രൂപ. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 1. കൂടുതൽ വിവരങ്ങൾക്ക്. 0471 2598431, 8281337852 എന്നീ ഫോൺ നമ്പലുകളിലോ, director.ctcri@icar.gov.in എന്ന ഈ മെയിൽ വിലാസത്തിലോ, www.ctcri.org എന്ന വെബ്സൈറ്റോ സന്ദർശശിക്കുക.

12. കോട്ടയത്ത് റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) മോളിക്യുലാർ ബയോളജി ആന്റ് ബയോടെക്നോളജി ടെക്നിക്സ് എന്ന വിഷയത്തിൽ 2024 ഏപ്രിൽ മാസം മുതൽ 3 മാസത്തെ കോഴ്സ് സംഘടിപ്പിക്കുന്നു. ഇതിലേക്കായി സീറ്റുകൾ 15 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ അയക്കേണ്ട അവസാന തീയതി മാർച്ച് 15. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഈമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം